**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2414** **27-02-2023 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ് പ്രകാരം പിരിഞ്ഞു കിട്ടിയിട്ടുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ കാലത്തുണ്ടായ വരുമാന നഷ്ടം നേരിടുന്നതിനായി ആവിഷ്കരിച്ച പ്രളയ സെസ് പ്രകാരം എത്ര തുകയാണ് പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പ്രളയ സെസ് ഇനത്തിൽ 2243.21 കോടി രൂപയാണ് പിരിഞ്ഞു കിട്ടിയിട്ടുള്ളത്. |
| (ബി) | പ്രളയ സെസ് അടയ്ക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയിനത്തിൽ അടയ്ക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള നികുതിദായകർ സംസ്ഥാനത്തിനകത്ത് നടത്തുന്ന വിതരണത്തിന്റെ വിറ്റുവരവിന്മേലാണ് 2019-ലെ കേരള പ്രളയ സെസ്സ് ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരം സെസ്സ് ചുമത്തപ്പെടുന്നത്. ജി.എസ്.ടി. റിട്ടേണിനോടൊപ്പം ആണ് സ്വയം നിർണ്ണയം നടത്തിയ പ്രളയ സെസ്സ് റിട്ടേണും ഫയൽ ചെയ്യപ്പെടുന്നത്. പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യാത്തവരെയും തെറ്റായി ഫയൽ ചെയ്തവരുടെയും നികുതി നിർണ്ണയ നടപടികൾ ജി.എസ്.ടി. നികുതി നിർണ്ണയ നടപടികളോടൊപ്പം നടന്നുവരികയാണ്. ഇതേവരെ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം 4.58 കോടി രൂപയാണ് പ്രളയ സെസ്സ് കുടിശ്ശികയിനത്തിൽ കണ്ടെത്തിയിട്ടുള്ളത്. |
| (സി) | എന്തു കൊണ്ടാണ് കുടിശ്ശിക പിരിക്കാൻ കഴിയാത്തതെന്ന് വിശദമാക്കാമോ? | (സി) | പ്രളയ സെസ്സുമായി ബന്ധപ്പെട്ട അസ്സസ്മെന്റുകൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ചെയ്തുവരുന്നു. പ്രളയ സെസ്സ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ വ്യാപാരികൾക്ക് നോട്ടീസ് നൽകി, ആയത് സർക്കാരിലേക്ക് ഈടാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അസ്സസ്മെന്റുകൾ പൂർത്തിയായ മുറയ്ക്ക് മാത്രമേ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും ലഭ്യമാകുകയുള്ളൂ. പുന:സംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ - എട്ടാം സമ്മേളനം -**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2414-ന് (പ്രളയ സെസ് പ്രകാരം പിരിഞ്ഞു കിട്ടിയിട്ടുള്ള തുക) പൂർണ്ണമായ മറുപടി നൽകുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023-ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന ശ്രീ. ഡി.കെ. മുരളി എം.എൽ.എ. ഉന്നയിച്ച നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2414 (പ്രളയ സെസ് പ്രകാരം പിരിഞ്ഞു കിട്ടിയിട്ടുള്ള തുക) സംബന്ധിച്ച വിവരങ്ങൾ ചരക്കുസേവന നികുതി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കേണ്ടതുണ്ടായിരുന്നതിനാൽ മേൽ നിയമസഭാ ചോദ്യത്തിനുള്ള അന്തിമ മറുപടി നിശ്ചിത സമയപരിധിക്കുള്ളിൽ നിയമസഭയിൽ സമർപ്പിക്കുവാൻ സാധിച്ചില്ല.

ഇക്കാര്യത്തിൽ മനഃപൂർവ്വമായ യാതൊരു കൃത്യവിലോപമോ സഭയോട് അനാദരവോ ഉണ്ടായിട്ടില്ല എന്നും ബോധിപ്പിക്കുന്നു.

K.N. BALAGOPAL
Minister for Finance
Government of Kerala